ജനുവരി 2021

# മുസിരിസ് വാർത്ത

www.muzirisheritage.org muzirisheritage

മുസിരിസ് പൈതൃക പദ്ധതി



# അത്താണി

## ചുമട്ടുകാരുടെ/ വണിക്കുകളുടെ ഇടത്താവളം

1086 മേടം 5ന്ന പരേതനായ വയലിൽ ബാപ്പു ടിയാന്റെ ഭാര്യ 1106 തുലാം 23ന്ന പരേതയായ കോത ഇവരുടെ സ്മാരകമായി ടിയാന്മാരുടെ പുത്രൻ കോനാനാൽ സ്ഥാപിക്കപ്പെട്ടു



■ പി.എം. നൗഷാദ്

# സ്റ്റുഡന്റ്സ് ഹെറിറ്റേജ് വാക്ക്

## അനൗപചാരിക വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന് 5 കോടി





മുസിരിസ് പൈതൃക പദ്ധതി, സ്കൂൾ വിദ്യാർത്ഥികൾക്ക് കേരള ചരിത്രത്തെക്കുറിച്ച് ദൃശ്യാനുഭത്തോടുകൂടിയുള്ള അറിവ് പകർന്നു നൽകുന്നതിനായി 'ഹെറിറ്റേജ് വാക്ക്' എന്ന പ്രോഗ്രാം അവതരിപ്പിക്കുകയാണ്. 2020 ജനുവരിയിൽ ബഹുമാനപ്പെട്ട ധനകാര്യ-കയർ വകുപ്പ് മന്ത്രി ഡോ. ടി എം തോമസ് ഐസക് കോട്ടപ്പുറം കോട്ടയിൽ വച്ച് രണ്ട് ദിവസത്തെ ടൂർ-കം-സ്റ്റഡി പ്രോഗ്രാം ഔദ്യോഗികമായി ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. മുസിരിസ് പൈതൃക പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്നായ മുകളിൽ സൂചിപ്പിച്ച തരത്തിൽ വിഭാവനം ചെയ്തിരിക്കുന്ന അനൗപചാരിക വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകുന്നതിന് 2021 ലെ ബജറ്റിൽ 5 കോടി രൂപ അനുവദിച്ചിട്ടുമുണ്ട്.

കേരളത്തിന്റെ സാംസ്കാരിക പൈതൃകം പഴയ പട്ടണങ്ങളിലും പുരാതന വാസസ്ഥലങ്ങളിലും സ്ഥിതിചെയ്യുന്നുവെന്ന് നിസംശയം പറയുവാൻ സാധിക്കും. സമീപകാലത്ത് നഗരവൽക്കരണത്തിന്റെ വേഗത കാരണം, പല ഇടങ്ങളുടെയും ചരിത്രപരമായ മുഖം സമൂലമായി മാറി എന്നുവേണം കരുതുവാൻ. ഇക്കാലത്ത് പൈതൃകത്തെയും അതിന്റെ സംരക്ഷണത്തെയും കുറിച്ചുള്ള ചർച്ചകളിൽ  ശ്രദ്ധ ചെലുത്തുന്നതിനാൽ, ചെറിയൊരു ശതമാനം ജനങ്ങൾ മുസിരിസ് എന്ന പുരാതന തുറമുഖ പട്ടണത്തെക്കുറിച്ച് ബോധവാന്മാരാണ് എന്നുള്ളത് വാസ്തവമാണ്. എന്നിരുന്നാലും ഈ പ്രദേശത്തിന്റെ സാമൂഹിക സാംസ്കാരിക വാണിജ്യ ചരിത്രത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പലർക്കും, പ്രത്യേകിച്ച് സോഷ്യൽ സയൻസ് വിദ്യാർത്ഥികൾക്കു പോലും ഇപ്പോഴും അറിയില്ല എന്നുള്ളത് ഒരു വസ്തുതയാണ്.

സാധാരണഗതിയിൽ രാജ്യങ്ങളുടെ സമ്പന്നമായ പൈതൃകം പ്രദർശിപ്പിക്കുന്നതിനും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുമുള്ള ഒരു ജനപ്രിയ മാർഗമാണ് ഹെറിറ്റേജ് വാക്ക്. ഈ പദ്ധതിയിലൂടെ പ്രദേശത്തിന്റെ പരോക്ഷവും, പ്രത്യക്ഷവുമായ പൈതൃകം പ്രദർശിപ്പിച്ച് പൈതൃക സംരക്ഷണത്തിൽ സന്ദർശകരിൽ താൽപര്യം ജനിപ്പിക്കുവാനും സാധിക്കും എന്നുള്ളത് സന്തോഷപരമായ കാര്യം തന്നെയാണ്. പുരാതന തുറമുഖ നഗരമായ മുസിരിസിന്റെ സമ്പന്നമായ സംസ്കാരത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനായാണ് 'സ്റ്റുഡന്റ്സ് ഹെറിറ്റേജ് വാക്ക്' എന്ന ആശയം ആദ്യമായി കേരളത്തിൽ അവതരിപ്പിച്ചത്. പൈതൃക നടത്തം രണ്ട് ദിവസമായായിരിക്കും സംഘടിപ്പിക്കുന്നത്. ഈ ദിവസങ്ങളിൽ പദ്ധതി, വിദ്യാർത്ഥികൾക്കായി പ്രദേശത്തിന്റെ സാംസ്കാരിക





പൈതൃകത്തെക്കുറിച്ച് ക്ലാസുകൾ സംഘടിപ്പിക്കും. പ്രമുഖ പണ്ഡിതന്മാർ ഈ പഠന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നിർവഹിക്കും. മാത്രവുമല്ല, ഓട്ടുപാത്ര നിർമ്മാണം, മൺപാത്ര നിർമ്മാണം, നെയ്ത്ത് പാരമ്പര്യം, നാടൻ കലാരൂപങ്ങളുടെ അവതരണം, പ്രദേശത്തെ വിവിധ പരമ്പരാഗത മത്സ്യബന്ധന രീതികൾ തുടങ്ങിയ പരോക്ഷമായ പൈതൃകത്തിന്റെ പ്രാധാന്യം നേരിട്ടറിയുവാനും മനസ്സിലാക്കുവാനും വിദ്യാർത്ഥികൾക്ക് ഇതിലൂടെ അവസരം ലഭിക്കും. പരിപാടിയുടെ ഭാഗമായി, വിദ്യാർത്ഥികൾക്ക് താമസസൗകര്യം, ഭക്ഷണം, ഗതാഗതം, ഇൻഫർമേഷൻ ഓഫീസർമാരുടെ പിന്തുണ തുടങ്ങിയവയും മറ്റു അടിസ്ഥാന സൗകര്യങ്ങളും നടപ്പിലാക്കും വിധമാണ് ഹെറിറ്റേജ് വാക് വിഭാവനം ചെയ്തിരിക്കുന്നത്.

വിദ്യാർത്ഥികളുടെ പൈതൃക നടത്തത്തിന്റെ ഭാഗമായി വ്യത്യസ്തമായ രീതികളിലൂടെയാണ് മ്യൂസിയം സന്ദർശനം സംഘടിപ്പിച്ചിരിക്കുന്നത്. മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള പുരാവസ്തുക്കളുമായി നേരിട്ട് സംവദിക്കാൻ ഈ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളെ സഹായിക്കും. പുരാവസ്തുക്കൾ, പ്രദർശന രീതികൾ, മ്യൂസിയങ്ങൾ എന്നിവയെല്ലാം കുറിച്ച് കൂടുതൽ ഗവേഷണം നടത്തുവാനുള്ള താൽപ്പര്യം വിദ്യാർത്ഥികളിൽ ജനിപ്പിക്കുവാൻ ഇത്തരത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾക്ക് സാധിക്കും. കൂടാതെ, പൈതൃക വിദ്യാഭ്യാസത്തിന് ഇത് ഒരു പരീക്ഷണാത്മക മാതൃക കൂടിയായിരിക്കും. മാത്രമല്ല, ഇത്തരത്തിലുള്ള പൈതൃക നടത്തങ്ങൾ പ്രസ്തുത പ്രദേശങ്ങളുമായി ഒരു വൈകാരിക ബന്ധം സൃഷ്ടിക്കുവാനും സാംസ്കാരിക, പൈതൃകത്തിന്റെ മൂല്യത്തെക്കുറിച്ച് വിദ്യാർത്ഥികളെയും മറ്റുള്ളവരെയും ബോധവൽക്കരിക്കുവാനും അതിലൂടെ വരും തലമുറയ്ക്ക് നമ്മുടെ സംസ്കാരത്തിന്റെ അന്തസത്ത സംരക്ഷിക്കാനും കഴിയും. ഈ പ്രോഗ്രാം ഓരോ വിദ്യാർത്ഥിക്കും ഗുണപരമായ രീതിയിലുള്ള അനൗപചാരിക വിദ്യാഭ്യാസത്തിന്റെ സാദ്ധ്യതകൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പദ്ധതിയുടെ ലക്ഷ്യങ്ങൾ:

സാംസ്കാരികവും ചരിത്രപരവുമായ ജീവിതച്ചുറ്റുപാടുകളുടെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുകയും അവയുമായി ഊഷ്മളമായ ബന്ധം വളർത്തിയെടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക എന്നതാണ് പൈതൃക നടത്തിന്റെ ഒരു പ്രധാന ലക്ഷ്യം.

- അനൗപചാരിക വിദ്യാഭ്യാസ രീതിയിലൂടെ കേരളത്തിന്റെ പ്രാചീന ചരിത്രം പരിചയപ്പെടുത്തുക.
- നാം, നമ്മുടെ പൈതൃകം പരിരക്ഷിക്കുന്നതിനുള്ള മൂല്യവും ആവശ്യകതയും എന്തെന്നു വിദ്യാർത്ഥികൾക്ക് സുഗ്രഹമാക്കി കൊടുക്കുക.
- അന്യം നിന്നു പോകുന്ന പരമ്പരാഗത വിജ്ഞാന സംവിധാനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിൽ വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ പങ്ക് ഉറപ്പാക്കുക.
- രാജ്യത്തിന്റെ സാംസ്കാരികവും പ്രകൃതിദത്തവുമായ പൈതൃകത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
- പ്രത്യക്ഷവും പരോക്ഷവുമായ നമ്മുടെ പൈതൃക സമ്പത്ത് എന്തെന്നും ഇവ തമ്മിലുള്ള വ്യത്യാസം എപ്രകാരമാണെന്നും വിദ്യാർത്ഥികൾക്ക് മനസിലാക്കി കൊടുക്കുക.
- നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം അതേപടി നിലനിർത്തുന്നതിൽ വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പാക്കുക.
- രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിലുള്ള മ്യൂസിയങ്ങളുടെ പങ്കിനെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക.

മുകളിൽ സൂചിപ്പിച്ചതുപോലെ, അനൗപചാരിക വിദ്യാഭ്യാസം ലക്ഷ്യമിട്ടുള്ള രണ്ട് ദിവസത്തെ പര്യടനം മുസിരിസിലെ പൈതൃക പ്രദേശങ്ങളും സ്മാരകങ്ങളും പര്യവേഷണം ചെയ്യുവാനുള്ള അവസരമാണ് ഒരുക്കുന്നത്. പൈതൃക പ്രദേശങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന പ്രവർത്തന പുസ്തകങ്ങളും സന്ദർശനവേളയിൽ ഹെറിറ്റേജ് വാക് കോർഡിനേറ്റർമാർ വിതരണം ചെയ്യുന്നതാണ്.

മാനേജിംഗ് ഡയറക്ടർ
മുസിരിസ് പ്രൊജക്റ്റ്സ് ലിമിറ്റഡ്







# അത്താണി:

## ചുമട്ടുകാരുടെ/വണിക്കുകളുടെ ഇടത്താവളം

> ഗ്രാമങ്ങളിലെ പ്രധാന വാണിജ്യ വ്യാപാര കേന്ദ്രത്തിലേക്കുള്ള വഴികളിലും പ്രത്യേകിച്ച് നാലും കൂടിയ കവലകളിലും ഇവ കാണപ്പെടുന്നു. ചുമടുതാങ്ങി, ഇളപ്പു, താങ്ങിക്കല്ല്, ഊന്നുകല്ല്, അത്താണിക്കല്ല്, മൂന്നുകല്ല് തുടങ്ങി വിവിധ പേരുകളിൽ അത്താണികൾ അറിയപ്പെട്ടിരുന്നു.

ഗതാഗത സൗകര്യം വിരളമായോ അഥവാ ഇല്ലാതിരുന്നതോ ആയ ഒരു കാലഘട്ടം; മനുഷ്യൻ അവനാൽ ശേഖരിച്ചതോ നിർമ്മിച്ചതോ ആയ ഭാരമേറിയ സാധനങ്ങൾ വഹിച്ചു കൊണ്ട് വിദൂര സ്ഥലങ്ങളിലെ വിപണികളിൽ എത്തിച്ചിരുന്നു എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ഒന്നാണ് ഇന്ന് വഴിയോരങ്ങളിൽ അവശേഷിക്കുന്ന അത്താണിക്കല്ലുകൾ. നാലടിയോളം ഉയരമുള്ള രണ്ടോ അതിലധികമോ തൂണുകളുടെ മുകളിലായി താരതമ്യേന പരന്ന നീളമുള്ള കല്ല് കയറ്റി വച്ചാണ് അത്താണി സ്ഥാപിക്കുക. വെട്ടുകല്ല്, മരം എന്നിവകൊണ്ട് നിർമ്മിച്ചവ കേരളത്തിൽ കാണുന്നുണ്ടെങ്കിലും ഇന്ന് അവശേഷിക്കുന്നവയിൽ ഭൂരിഭാഗവും കരിങ്കല്ല് ഉപയോഗിച്ചു നിർമ്മിച്ചവയാണ്. ഗ്രാമങ്ങളിലെ പ്രധാന വാണിജ്യ വ്യാപാര കേന്ദ്രത്തിലേക്കുള്ള വഴികളിലും പ്രത്യേകിച്ച് നാലും കൂടിയ കവലകളിലും ഇവ കാണപ്പെടുന്നു. ചുമടുതാങ്ങി, ഇളപ്പു, താങ്ങിക്കല്ല്, ഊന്നുകല്ല്, അത്താണിക്കല്ല്, മൂന്നുകല്ല് തുടങ്ങി വിവിധ പേരുകളിൽ അത്താണികൾ അറിയപ്പെട്ടിരുന്നു.

ഏകദേശം ഒന്നാം നൂറ്റാണ്ട് മുതൽ പശ്ചിമ തീരത്തെ പുരാതന തുറമുഖവും നഗരകേന്ദ്രവുമായിരുന്നു മധ്യകാലഘട്ടത്തിലെ മുയിരികോട്ടുമായി സാമ്യമുള്ള മുസിരിസ്. പെരിയാറിന്റെ സമതല പ്രദേശം, പ്രധാനമായും ആധുനിക കൊടുങ്ങല്ലൂർ, പറവൂർ ഉൾപ്പെടുന്ന പ്രദേശം എ.ഡി ഒൻപതാം നൂറ്റാണ്ടു മുതൽ മൂന്ന് നൂറ്റാണ്ടിലേറെ മഹോദയപ്പുരത്ത് നിന്ന് ഭരിച്ച ചേരരാജ്യത്തിന്റെ തലസ്ഥാന നഗരിയായിരുന്നു. പെരുമാൾവാഴ്ച്ചക്ക് ശേഷം തലസ്ഥാന നഗരിയായ മഹോദയപുരം എന്ന ഇന്നത്തെ കൊടുങ്ങല്ലൂർ ഒരു പ്രധാനവ്യാപാര കേന്ദ്രമായി തന്നെ നിലനിന്നിരുന്നു. കോഴിക്കോടിനും കൊച്ചിരാജ്യത്തിനും ഇടയിലായി നിലകൊള്ളുകയായിരുന്ന കൊടുങ്ങല്ലൂർ രാജവംശം


അത്താണിയിലെ ലിഖിതങ്ങൾ

വ്യാപാരാവശ്യങ്ങൾക്കായി എത്തിയ പോർച്ചുഗീസുകാർക്ക് ആതിഥ്യം വഹിച്ചു. തുടർന്ന് പോർച്ചുഗീസുകാരെ പരാജയപ്പെടുത്തി പ്രദേശത്തിന്റെ വ്യാപാര കുത്തക ഡച്ചുകാർ ഏറ്റെടുക്കുകയും, ശേഷം തിരുവിതാംകൂർ ഈ പ്രദേശം പിടിച്ചടക്കുകയുമുണ്ടായി. മധ്യകേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കൊണ്ടു വന്നിരുന്ന കുരുമുളകും മറ്റ് മലഞ്ചരക്കുകളും കൈമാറ്റം ചെയ്യുന്നതിനായി എത്തിച്ചിരുന്ന പ്രധാന വ്യാപാരകേന്ദ്രമായിരുന്നു ഇന്നത്തെ കൊടുങ്ങല്ലൂർ. പുരാതന ഗതാഗത-ചരക്ക് നീക്ക് സംവിധാനത്തിന്റെ തെളിവായി അത്താണി ഇന്നും കൊടുങ്ങല്ലൂർ പറവൂർ ഉൾപ്പെടുന്ന മുസിരിസ് പൈതൃക പദ്ധതി പ്രദേശത്തു അവശേഷിക്കുന്നുമുണ്ട്. ഇവിടെ മാർക്കറ്റുകൾ, വ്യാപാര മാർഗങ്ങൾ, കാർഷിക ഉൽപന്നങ്ങളും മറ്റു പലചരക്കുകളും ലഭ്യമാക്കിയിരുന്ന പ്രദേശങ്ങളുമായി ബന്ധപ്പെട്ടാണ് അത്താണികൾ കാണപ്പെടുന്നത്.

ഒട്ടുമിക്ക അത്താണികളിലും ലിഖിതങ്ങൾ കാണുവാൻ സാധിക്കുന്നതാണ്. തിരശ്ചീനമായി നിലകൊള്ളുന്ന ശിലാഫലകങ്ങളുടെ പ്രതലങ്ങളിൽ ലിഖിതം പഴയ മലയാള ലിപിയിൽ കാണപ്പെടുന്നുണ്ട്. ഈ ചരിത്ര അവശേഷിപ്പുകളിൽ വർഷം, മാസം, ദാതാവിന്റെ പേര്, അവന്റെ / അവളുടെ വീടിന്റെ പേര്, വംശപരമ്പര എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നു. ദാതാക്കളിൽ ഭൂരിഭാഗവും പുരുഷന്മാരാണെന്ന് വിവിധ ഇടങ്ങളിൽ നടത്തിയ സർവെയിലൂടെ വ്യക്തമാകുന്നു. എന്നാൽ ചില സന്ദർഭങ്ങളിൽ, സ്ത്രീദാതാക്കളും ഉണ്ടായിരുന്നു. ഒരു സ്ത്രീയുടെ, അവരുടെ പേരിലോ അവരുടെ സ്മരണാർത്ഥം മറ്റാരെങ്കിലുമോ അത്താണി നിർമ്മിച്ച് നൽകാറുണ്ട്. ഗർഭാവസ്ഥയിലും പ്രസവസമയത്തും ഉണ്ടാകുന്ന അപകടസാധ്യതകൾ ഒഴിവാക്കുന്നതിനായി അത്തരം സംഭാവനകൾ മികച്ചതാണെന്ന് വിശ്വസിക്കപ്പെട്ടിരുന്നു. നിശ്ചിത ദൂര വ്യത്യാസത്തിൽ സ്ഥാപിച്ചിരിക്കുന്ന അത്താണികളുടെ സർവ്വേ നടത്തിയതിലൂടെ കൊടുങ്ങല്ലൂർ-പറവൂർ പ്രദേശങ്ങളിലെ ചരിത്രത്തിലെങ്ങോ വിസ്മൃതിയിലായ പ്രാചീന വ്യാപാരപാതയിൽ വെളിച്ചം വീശുകയാണ്. ഒരു പക്ഷേ ഈ വ്യാപാര വഴിയിൽ പകൽ ചന്തകളും സായാഹ്നവിപണികളും ഉണ്ടായിരുന്നിട്ടുണ്ടാകാം. അത്താണികളുടെയും മറ്റു വ്യാപാരകേന്ദ്രങ്ങളെയും സ്ഥാനം അടയാളപ്പെടുത്തുന്നതിലൂടെ ഒരു പ്രാചീന വ്യാപാരമാർഗവും, വ്യാപാര കേന്ദ്രങ്ങളും പുനർസൃഷ്ടിക്കാൻ സാധിക്കും.

മുസിരിസ് പൈതൃക പദ്ധതി പ്രദേശത്തെ ചില അത്താണികൾ ഇന്നും നിലനിന്നുപോരുന്നുണ്ടെങ്കിലും സ്മാരകങ്ങളിൽ പലതും തദ്ദേശീയരായവർ ബാനറുകൾ കെട്ടുന്നതിനോ പരസ്യ ആവശ്യങ്ങൾക്കായോ മറ്റോ ദുരുപയോഗം ചെയ്തു പോരുന്നതായാണ് കാണുന്നത്. മറ്റു ചിലർ അവയെ ചെറിയ ചായക്കടകളാക്കി മാറ്റുന്നു. ചില വ്യക്തികൾ നിർമാണ ആവശ്യങ്ങൾക്കും മറ്റുമായി അത്താണികളുടെ അവശേഷിച്ചിരുന്ന കല്ലുകൾ നാമാവശേഷമാക്കിയിട്ടുമുണ്ട്. കുറ്റിച്ചെടികളും വള്ളിപടർപ്പുകളും കാലാകാലങ്ങളായുള്ള സ്വാഭാവികമായ മണ്ണുനിക്ഷേപവും കാരണം ചില അത്താണികൾ അപ്രത്യക്ഷമായികൊണ്ടിരിക്കുകയാണ്. എന്നാൽ അത്താണി എന്ന സ്ഥലനാമങ്ങൾ ഈ പ്രദേശത്തു ഇന്നും പലയിടങ്ങളിലായി നിലനിൽക്കുന്നത് മുൻകാലങ്ങളിലുള്ള അവയുടെ സാന്നിധ്യമാകാം.

കഴിഞ്ഞ 2000 വർഷങ്ങളിൽ യാതൊരുയിടതടവുമില്ലാതെ കൊടുങ്ങല്ലൂർ, പറവൂർ മേഖല സജീവമായ ഒരു വ്യാപാരപാതയുടെ ഭാഗമായിരുന്നുവെന്നു ചരിത്രരേഖകളിൽ നിന്നു വ്യക്തമാണ്. അതോടൊപ്പം മധ്യകാലഘട്ടത്തിലെ പുരാതനവാണിജ്യ ശൃംഖലയുടെ സൂചകമായി അത്താണി ഇന്നും നിലനിന്നു പോരുന്നുമുണ്ട്. ഇത്രയേറെ ചരിത്ര പ്രാധാന്യമർഹിക്കുന്ന മധ്യകാലഘട്ടത്തിലെ ഇത്തരം അവശേഷിപ്പുകളെ വരും തലമുറക്കായി സംരക്ഷിക്കേണ്ടതു അനിവാര്യമായിയിരിക്കുകയാണ്.


അത്താണിയുടെ രണ്ട് കാലുകൾ – N 10o 13.869 E 76o 25.607




## കേരളത്തിന്റെ ഇസ്ലാമിക പാരമ്പര്യം

# ഡിജിറ്റൽ ആർക്കൈവ്സ്

■ പ്രൊഫ. എം.എച്ച്. ഇല്ല്യാസ്

കേരള മുസ്ലിങ്ങളുടെ ചരിത്രം, മതവിജ്ഞാനം, സാഹിത്യം, ആചാരങ്ങൾ, കലകൾ, ഭക്ഷണം എന്നീ വിഷയങ്ങളെ സംബന്ധിക്കുന്ന രേഖകൾ, ദൃശ്യങ്ങൾ, പാട്ടുകൾ, ശബ്ദ രേഖകൾ തുടങ്ങിയവയുടെ വലിയ ശേഖരമാണ് ചേരമാൻ പെരുമാൾ ഇസ്ലാമിക് ഹിസ്റ്ററി മ്യൂസിയത്തിന്റെ ഭാഗമായുള്ള ഡിജിറ്റൽ ആർക്കൈവ്സ്. ഇത്തരത്തിൽ കേരളത്തിൽ തന്നെ ആദ്യത്തേതെന്നു വിശേഷിപ്പിക്കാവുന്ന ഈ ബൃഹത് ശേഖരത്തിൽ ഏതാണ്ട് എൺപത്തി അയ്യായിരത്തിൽ പരം രേഖകളും, ആയിരത്തിലധികം ദൃശ്യങ്ങളും, മുന്നൂറിൽ പരം ചിത്രങ്ങളും, നൂറിൽപരം ശബ്ദരേഖകളുമുണ്ട്.

മാപ്പിള ചരിത്രകാരനായ എ ടി യൂസഫലിയുടെ സഹായത്താൽ സർക്കാർ സ്ഥാപനമായ സി-ഡിറ്റാണ് ഈ രേഖകളുടെ ഡിജിറ്റൈസേഷൻ നിർവഹിച്ചത്. കേരളത്തിന്റെ പലഭാഗങ്ങളിലുള്ള പള്ളികൾ, കുടുംബ/സ്വകാര്യ ശേഖരങ്ങൾ തുടങ്ങിയവയിൽ നിന്നും  നിന്ന് കണ്ടെടുത്ത് ഡിജിറ്റൈസ് ചെയ്തരേഖകളാണ് ഈ ശേഖരത്തിൽ ഭൂരിപക്ഷവും.

മലപ്പുറം ജില്ലയിലെ എടത്തോല ഭവനം, താനൂർ പൊന്നാനി പള്ളികൾ, നെല്ലിക്കുത്ത് മുഹമ്മദലി മുസ്ലിയാർ, അബ്ദുൽ റഹിമാൻ മുസ്ലിയാർ, പാണ്ടിക്കാട് സൈദാലിക്കുഞ്ഞൻ, യൂസഫലി, വി എം കുട്ടി, കൊണ്ടോട്ടി കെ ടി റഷാൻ തങ്ങൾ, എറണാകുളത്തെ ടി എം സുഹറ  തുടങ്ങിയവരുടെ  സ്വകാര്യ ശേഖരങ്ങളിൽ നിന്നുമാണ് കൂടുതൽ രേഖകളും ലഭ്യമായത്. അറബി, അറബി-മലയാളം, പേർഷ്യൻ, മലയാളം ഭാഷകളിലാണ് ഈ രേഖകൾ എഴുതപ്പെട്ടിട്ടുള്ളത്. കേരളത്തിലെ മുസ്ലിങ്ങളുടെ ചരിത്രം, കടൽ വ്യാപാരം, സാഹിത്യം, സംഗീതം, മതവിജ്ഞാനം, സൂഫി പാരമ്പര്യം, ചികിത്സാ രീതികൾ, സാങ്കേതിക വിദ്യകൾ, മാപ്പിള കലാപം, പ്രവാസം തുടങ്ങിയവയാണ് രേഖകളിലെ പ്രധാന പ്രതിപാദ്യ വിഷയങ്ങൾ. ശബ്ദരേഖകളിൽ അധികവും മാപ്പിളപ്പാട്ടുകളാണ്. ആദ്യകാല ഗൾഫ് പ്രവാസികളുടെ അപൂർവം ചിത്രങ്ങളും ശേഖരത്തിലുണ്ട്.

കേരള മുസ്ലിം ചരിത്ര പഠനത്തിന് മുതൽക്കൂട്ടായ ഈ ഡിജിറ്റൽ ശേഖരത്തിന്റെ നിർമ്മാണം ഡോ. പി എ മുഹമ്മദ് സെയ്ദ്, ഡോ. അഷറഫ് കടക്കൽ, ഡോ. സി.ആദർശ്, ഡോ എസ് ജാസിമുദ്ധീൻ, ഡോ. വി വിമൽകുമാർ, ടി.പി.ശബ്ന തുങ്ങിയവരടങ്ങുന്ന അക്കാദമിക സംഘത്തിന്റെ  മേൽനോട്ടത്തിലാണ് പൂർത്തീകരിച്ചത്. ഈ ശേഖരത്തിന്റെ വെബ് കാറ്റലോഗ് ഇന്റർനെറ്റിൽ ലഭ്യമാണ്.



## കേരള ഷിപ്പിംഗ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനുമായി കരാർ

മുസിരിസ് മേഖലയിലെ പൈതൃക മ്യൂസിയങ്ങളിലേക്ക സന്ദർശകരെ എത്തിക്കുന്ന ഹോപ്-ഓൺ ഹോപ്പ്-ഓഫ് ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞ ബോർഡ് മീറ്റിംഗിൽ തീരുമാനം എടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു റെസ്ക്യൂ ബോട്ട് ഉൾപ്പെടെ അഞ്ച് ബോട്ടുകൾ കൂടി വാങ്ങുന്നതിനായി മുസിരിസ് പൈതൃക പദ്ധതി കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനുമായി (കെ.എസ്.ഐ.എൻ.സി) കരാറിൽ ഏർപ്പെട്ടു. ഫൈബർ ബോട്ടുകൾ (എഫ്.ആർ.പി) വാങ്ങുന്നതിനുള്ള ആകെ ചെലവ് 3.30 കോടി രൂപയാണ്. 2021 ജനുവരി 27-ന് മുസിരിസ് ഹെറിറ്റേജ് പ്രൊജക്റ്റിന്റെ ഹെഡ് ഓഫീസിൽ വച്ച് പ്രോജക്റ്റ് മാനേജിംഗ് ഡയറക്ടർ ശ്രീ. പി. എം. നൗഷാദും കെ.എസ്.ഐ.എൻ.സി മാനേജിംഗ് ഡയറക്ടർ ശ്രീ. എൻ. പ്രശാന്ത് ഐ.എ.എസും ഒപ്പുവച്ചു. കേരള ടൂറിസം, ഡിടിപിസി, കെടിഡിസി, കായിക, യുവജനകാര്യ വകുപ്പ് തുടങ്ങി നിരവധി ഏജൻസികൾക്കായി എഫ്.ആർ.പി ബോട്ടുകൾ നിർമ്മിക്കുന്നതിൽ കെ.എസ്.ഐ.എൻ.സി ഏർപ്പെട്ടിട്ടുണ്ട്. കെ.എസ്.ഐ.എൻസി ടെക്നിക്കൽ മാനേജർ അനൂപ് കുമാർ, കൊമേഴ്ഷ്യൽ മാനേജർ സിറിൽ എബ്രഹാം, മുസിരിസ് ഹെറിറ്റേജ് പ്രോജക്ട് മാർക്കറ്റിംഗ് മാനേജർ ഇബ്രാഹിം സബിൻ സി. ബിജു, ഫിനാൻസ് മാനേജർ സോണി റോയ് എന്നിവർ പങ്കെടുത്തു.



## ലോഗോ ലോഞ്ച് : മുസിരിസ് പാഡിൽ

കേരള ടൂറിസം, മുസിരിസ് ഹെറിറ്റേജ് പ്രോജക്റ്റ്, ജെല്ലിഫിഷ് വാട്ടർ-സ്പോർട്സ് എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന മുസിരിസ് പാഡിലിന്റെ നാലാം പതിപ്പ് 2021 ഫെബ്രുവരി 12, 13 തീയതികളിൽ ദേശീയ ജലപാത 3 ലൂടെ കയാക്കർമാർ, സ്റ്റാൻഡ്-അപ്പ് പാഡ്ലർമാർ, ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമുള്ള നാവികർ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി നടക്കുന്നു. സഹകരണ, ടൂറിസം, ദേവസ്വം മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനാണ് ഇവന്റ് ലോഗോ അനാവരണം ചെയ്തത്. ടൂറിസം സെക്രട്ടറി റാണി ജോർജ് ഐ.എ.എസ്, മുസിരിസ് ഹെറിറ്റേജ് പ്രോജക്ട് മാനേജിംഗ് ഡയറക്ടർ പി എം നൗഷാദ്, ജെല്ലിഫിഷ് ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കോട്ടപ്പുറം ആംഫിതിയേറ്ററിൽ നിന്ന് ആരംഭിക്കുന്ന 'മുസിരിസ് പാഡിൽ 2021' പെരിയാറിലൂടെ സഞ്ചരിച്ച് മുനമ്പത്തിനടുത്തുള്ള ദേശീയ ജലപാത 3 ൽ പ്രവേശിക്കുമെന്ന് മന്ത്രി പറഞ്ഞു. മുസിരിസ് പാഡിൽ 'നദി / തടാക സംരക്ഷണത്തെക്കുറിച്ചും നദിയെ പ്ലാസ്റ്റിക് വിമുക്തമായി സൂക്ഷിക്കേണ്ടതിനെക്കുറിച്ചും സന്ദേശം പ്രചരിപ്പിക്കും

## കൊടുങ്ങല്ലൂർ താലപ്പൊലിയും പതിനെട്ടരയാളം കോവിലകവും

കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിലെ താലപ്പൊലി ഉത്സവം മകരം മാസത്തിലാണ് (ജനുവരി-ഫെബ്രുവരി) ആഘോഷിക്കപ്പെടുന്നത്. നാല് ദിവസത്തെ താലപ്പൊലി മകരസംക്രാന്തി വൈകുന്നേരം മുതൽ മതപരമായ ആചാരങ്ങളോടെ ആരംഭിക്കുന്നു. ആനകളുമൊത്തുള്ള നയനമാനോഹരമായ ഘോഷയാത്ര പഞ്ചവാദ്യം, പഞ്ചാരിമേളം പാണ്ഡിമേളം തുടങ്ങിയവയുടെ അനുഗമനത്തോടെ നടന്നു. പരമ്പരാഗത വിളക്കുകൾ വഹിച്ചു കൊണ്ട് സ്ത്രീകൾ താലപ്പൊലി എന്നറിയപ്പെടുന്ന ഈ ഘോഷയാത്രയ്ക്കൊപ്പം ചേർന്നു. നാലാം ദിവസം ഘോഷയാത്ര ആരംഭിക്കുന്നത്
പതിനെട്ടരാളംകോവിലകത്തു നിന്നാണ് (കൊച്ചി നാട്ടുരാജ്യത്തിന്റെ വേനൽക്കാല വസതി). അവിടെ നിന്ന് ആരംഭിക്കുന്ന ഘോഷയാത്ര പറയെടുപ്പ് എന്ന ആചാരം നടത്തുകയും ഇത് 'പതിനെട്ടരാളം പറ' എന്ന പേരിൽ അറിയപ്പെടുന്നു. കെട്ടിടത്തിന്റെ ചരിത്രപരവും മതപരവുമായ പ്രാധാന്യം കണക്കിലെടുത്ത് മുസിരിസ് പൈതൃക പദ്ധതി അതിന്റെ സംരക്ഷണ പരിപാടിയുടെ ഭാഗമായി പതിനെട്ടരയാളം കോവിലകത്തെ പദ്ധതിയുടെ സംരക്ഷിത സ്മാരക പട്ടികയിലുൾപ്പെടുത്തിയിരിക്കുകയാണ്. പതിനെട്ടരയാളം കോവിലകത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ ഘടകങ്ങൾ സംരക്ഷികാനും നിലനിർത്താനുമുള്ള പ്രവർത്തനത്തിൽ പദ്ധതി സജ്ജീവമാണ്.



## മുസിരിസിന്റെ ശബ്ദം: അംഗീകൃത മുസിരിസ് അംബാസഡർ (എ.എം.എ);

മുസിരിസ് പൈതൃക പദ്ധതിക്ക് കീഴിൽ പ്രാദേശികമായി തിരഞ്ഞെടുക്കപ്പെട്ട (എ.എം.എ) ഗൈഡുകൾക്കായി ഒരു ആഴ്ച നീണ്ടുനിന്ന വിപുലമായ പരിശീലന പരിപാടി സംഘടിപ്പിച്ചു. പൈതൃക പദ്ധതി, പ്രാദേശിക സമൂഹത്തിന്റെ സമഗ്രവികസനത്തിന് എങ്ങനെ സ്വാധീനിക്കുന്നു എന്ന് വിശദമാക്കിക്കൊണ്ട് പരിപാടി പദ്ധതിയുടെ മാനേജിങ് ഡയറക്ടർ ശ്രീ. പി എം നൗഷാദ് ഉദ്ഘാടനം ചെയ്തു, കൂടാതെ പ്രോജക്റ്റ് പ്രാദേശികമായി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു എന്നും, അതിനാൽ നേരിട്ടോ അല്ലാതെയോ തൊഴിൽ ലഭിക്കുന്നതിന് സാദ്ധ്യതകൾ ഏറെയാണ് എന്നുകൂടി അദ്ദേഹം അഭിപ്രായപ്പെട്ടു. പദ്ധതിയുടെ ഭാഗമായി പ്രദേശത്തു നിർമ്മിച്ചിരിക്കുന്ന റോഡുകൾ, തെരുവ് വിളക്കുകൾ, ടോയിലറ്റ് ബ്ലോക്കുകൾ, ബോട്ട് ജെട്ടികൾ തുടങ്ങി വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന വികസനം പ്രാദേശിക സമൂഹത്തിന് പ്രയോജനം ചെയ്യുന്ന രീതിയിലാണ് നടപ്പിലാക്കിയിരിക്കുന്നത് എന്ന് ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഈ പരിശീലനം നേടുന്ന നിങ്ങളിൽ ഓരോരുത്തർക്കും മുസിരിസ് പൈതൃക പദ്ധതിയുടെ 'ശബ്ദം' ആയി മാറുവാൻ കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു" എന്ന്  പ്രസംഗത്തിൽ എം.ഡി കൂട്ടിച്ചേർത്തു. ആറ് ദിവസത്തെ പരിപാടിയുടെ ആദ്യ ഘട്ടം ആരംഭിച്ചത് കോട്ടപ്പുറം വാട്ടർഫ്രണ്ടിൽ നിന്ന് ബോട്ട് യാത്രയോടെയാണ്. മുസിരിസ് പൈതൃക പ്രദേശത്ത് ജീവിച്ചിരുന്ന സാമൂഹ്യ പരിഷ്കർത്താക്കൾ, സ്വാതന്ത്ര്യസമരസേനാനികൾ, എഴുത്തുകാർ എന്നിവരുടെ ചരിത്രം എന്ന വിഷയത്തിൽ ഇരിങ്ങാലക്കുടയിലെ ക്രൈസ്റ്റ് കോളേജ് അധ്യാപിക ഡോ. ശ്രീവിദ്യ വി, ടൂറിസം ഉൽപ്പന്നങ്ങൾ- എസ്കോർട്ടിംഗിന്റെ സ്വഭാവം- ടൂർ

ഗൈഡിംഗ് എന്ന വിഷയത്തിൽ കേരള ടൂറിസത്തിന്റെ സീനിയർ ഗൈഡ് പി. ആർ. രാജേഷ്, ടി ആർ പ്രേം കുമാർ, മുഴിക്കുളംശാല-പരോക്ഷമായ സാംസ്കാരിക പൈതൃകത്തെക്കുറിച്ചും, ശ്രീമതി. റീമ എം.എസ്, പൈതൃക പ്രദേശത്തു ഉത്ഖനനം ചെയ്ത സൈറ്റുകളെക്കുറിച്ചും സൈറ്റ് മ്യൂസിയങ്ങളെക്കുറിച്ചും വിശദമായി പ്രഭാഷണം നടത്തി. ഡോ. മിഥുൻ സി ശേഖർ പരിശീലന ക്ലാസ്സുകൾ ഏകോപിപ്പിക്കുകയും മുസിരിസ് പൈതൃക പദ്ധതിയെക്കുറിച്ചും, പദ്ധതിയിലെ മ്യൂസിയങ്ങളെക്കുറിച്ചും ക്ലാസുകൾ നൽകുകയും ചെയ്തു. പരിശീലന ക്ലാസുകളുടെ സമാപന ചടങ്ങിൽ പദ്ധതി മാർക്കറ്റിംഗ് മാനേജർ ശ്രീ. ഇബ്രാഹിം സബിൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.



## വിനോദ സഞ്ചാര വകുപ്പ് ഉദ്യോഗസ്ഥരുടെ സന്ദർശനം

സമകാലീന കേരളത്തിലെ വിനോദ സഞ്ചാരരീതികളെ മുസിരിസ് പൈതൃക സംരക്ഷണ വിനോദ സഞ്ചാര പദ്ധതി എപ്രകാരം സ്വാധീനിക്കുന്നു എന്ന് മനസിലാക്കുവാൻ 2020 ജനുവരി 27-ന് കേരള വിനോദ സഞ്ചാര വകുപ്പിലെ 16 ഉദ്യോഗസ്ഥരെ മുസിരിസിൽ നിലനിൽക്കുന്ന പൈതൃക സ്ഥലങ്ങൾ സന്ദർശിക്കാൻ ക്ഷണിച്ചു. തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നിവിടങ്ങളിൽ നിന്നുള്ള ജോയിന്റ് ഡയറക്ടർമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, മറ്റ് വകുപ്പ് ഉദ്യോഗസ്ഥർ സംഘത്തിലുണ്ടായിരുന്നു. മ്യൂസിയം മാനേജർ ഡോ. മിഥുൻ സി ശേഖറും ഗൈഡ് റസീന ബീവിയും ഈ പ്രദേശത്തിന്റെ ചരിത്രം, പുരാവസ്തു അവശേഷിപ്പുകൾ എന്നിവ വിശദീകരിച്ചു നൽകി. ഈ പൈതൃക വിനോദ ബോട്ട് യാത്ര മുസിരിസ് പ്രോജക്ട് ലിമിറ്റഡിന്റെ മാർക്കറ്റിംഗ് മാനേജർ ഇബ്രാഹിം സബിൻ സ്വീകരിച്ചു. യാത്രാനന്തരം മുസിരിസ് പ്രോജക്റ്റ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പി എം നൗഷാദ് സംഘത്തെ സന്ദർശിക്കുകയും മുസിരിസിന്റെ നിലവിലുള്ളതും വരാനിരിക്കുന്നതുമായ പദ്ധതികളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

## സ്പൈസ് റൂട്ട് പൈതൃക പദ്ധതിക്കായി 40 കോടി അനുവദിച്ചു.

2021-ലെ സംസ്ഥാന ബജറ്റിൽ, വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 117 കോടി രൂപ അനുവദിച്ചു. കോവിഡ് -19 ഗുരുതരമായി ബാധിക്കുന്ന ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുകയാണ് ബജറ്റിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് എന്ന് ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക് അഭിപ്രായപ്പെട്ടു. ഇതിൽ സ്പൈസ് റൂട്ട് പൈതൃക പദ്ധതിക്ക് മുൻഗണന നൽകിക്കൊണ്ട് ഇതിൽ ഉൾപ്പെടുന്ന പദ്ധതികൾക്കായി 40 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. മുസിരിസ് പൈതൃക പദ്ധതിക്ക് പുറമേ, പൈതൃക പദ്ധതികളായ തിരുവനന്തപുരം, കോഴിക്കോട് എന്നിവയും 2021-22 ൽ സ്പൈസ് റൂട്ട് പദ്ധതിയുടെ ഭാഗമാകും. തിരുവനന്തപുരം പൈതൃക പദ്ധതിക്കായി 10 കോടി രൂപ പ്രസ്തുത ബജറ്റിൽ പ്രത്യേകം അനുവദിച്ചിട്ടുമുണ്ട്.

# മുസിരിസിലെ പുരാവസ്തു ശേഷിപ്പുകൾ



## ഇന്റാഗ്ലിയോ

മ്യൂസിയം: പട്ടണം ചിൽഡ്രൻസ് മ്യൂസിയം
പേര്: ഇന്റാഗ്ലിയോ
മെറ്റീരിയൽ: ശില/ കാർണെലിയൻ
വലുപ്പം: 1.5 x 1.0 cm

### സൈറ്റ്:

ഇന്ത്യയിലെ തെക്കേ അറ്റത്തുള്ള സംസ്ഥാനമായ കേരളത്തിലെ എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിലെ വടക്കേക്കര ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന പ്രദേശമായ പട്ടണം (N lat. 10 ° 09.434 ';E long. 76 ° 12.587') എന്ന പുരാവസ്തു ഉത്ഖനന സ്ഥലത്ത് നിന്നാണ് പ്രസ്തുത പുരാവസ്തു കണ്ടെത്തിയത്.

### വിവരണം:

ദീർഘ വൃത്താകൃതിയിൽ കാണപ്പെടുന്ന പുരാവസ്തു കാർണെലിയൻ എന്ന ശിലയിലാണ് നിർമിച്ചിരിക്കുന്നത്. ഇതിന്റെ ഒരു വശത്തു ഒരു രൂപം ആലേഖനം ചെയ്തിട്ടുണ്ട്. ഭൂമിയുടെ ഉപരിതലത്തിൽ നിന്നും ഏകദേശം 130 - 140 cm ആഴത്തിൽ നിന്നുമാണ് ഇത് കണ്ടെടുത്തിയിരിക്കുന്നത്. സ്ട്രാറ്റിഗ്രഫിയുടെ (മണ്ണടരുകളുടെ പഠനം) അടിസ്ഥാനത്തിൽ കണ്ടെടുക്കപ്പെട്ട ഇന്റാഗ്ലിയോ എ.ഡി. ഒന്നാം നൂറ്റാണ്ടുകളിൽ നിർമിച്ചതാകാം എന്നു പുരാവസ്തു ഗവേഷകർ അനുമാനിക്കുന്നു. ഗവേഷകരുടെ അഭിപ്രായത്തിൽ ശിലയിൽ ആലേഖനം ചെയ്തിരിക്കുന്ന ചിത്രം ഗ്രീക്ക് ദേവി 'ടൈച്ചെ' അല്ലെങ്കിൽ റോമൻ ദേവി 'ഫോർച്യൂണ' ആയിരിക്കാം.

അച്ചടി, പ്രസിദ്ധീകരണം : നൗഷാദ് പി.എം., മാനേജിംഗ് ഡയറക്ടർ, മുസിരിസ് പ്രൊജക്റ്റ്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ, കേരള - ഫോൺ 0480 2807717